**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3612** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് റവന്യൂ ടവർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് റവന്യൂ ടവറിന്റെ നിയന്ത്രണാധികാരം ആലപ്പുഴ ജില്ല കളക്ടർക്ക് കൈമാറാത്തതിന്റെ കാരണം എന്താണെന്നും ഇതുമായി ബന്ധപ്പെട്ട സാങ്കേതിക തടസ്സം എന്താണെന്നും അറിയിക്കാമോ; | (എ) | ഹരിപ്പാട് റവന്യൂ ടവർ നിർമ്മാണം പൂർത്തിയാക്കിയ വകയിൽ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് ചെലവായ തുക പൂർണ്ണമായും ലഭിയ്ക്കാത്തത് കാരണമാണ് ഭൂമി രേഖാമൂലം റവന്യൂ വകുപ്പിനു കൈമാറുവാൻ സാധിക്കാത്തത്. പ്രസ്തുത തുക ബോർഡിനു ലഭ്യമാക്കുന്നതിന് നിലവിൽ ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത ടവറിന്റെ പരിസരത്ത് സെപ്റ്റിക് ടാങ്ക് ചോർന്നൊലിക്കുന്നത് മൂലം പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും ടവറിലെ ലിഫ്റ്റുകളുടെ എ.എം.സി. പുതുക്കുന്നതിനും ടവന്യൂ ടവർ കോമ്പൗണ്ടിലെ തെരുവ് നായ ശല്യം പരിഹരിക്കുന്നതിനും എന്ത് നടപടിയാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | ഹരിപ്പാട് റവന്യൂ ടവറിലെ സെപ്റ്റിക്ക് ടാങ്ക് നിർമ്മാണത്തിലെ അപാകത മൂലം പലപ്പോഴായി ലീക്കേജ് ഉണ്ടായിട്ടുണ്ട്. റോട്ടറി ക്ലബ്, മണ്ണാറശ്ശാല ക്ഷേത്ര ട്രസ്റ്റ് എന്നിവരുടെ സഹായത്തോടെ രണ്ട് തവണ വൃത്തിയാക്കിയിട്ടുണ്ട്. സെപ്റ്റിക് ടാങ്ക് മാലിന്യ പ്രശ്നത്തിന്റെ ശാശ്വത പരിഹാരത്തിനായി ഹരിപ്പാട് മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി റവന്യൂ ടവർ കോമ്പൗണ്ടിൽ പുതിയ STP പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് മണ്ണ് പരിശോധന നടത്തുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്.<br><br>ലിഫ്റ്റിന്റെ എ.എം.സി പുതുക്കുന്നതിനുള്ള നടപടിൾ സ്വീകരിച്ചു വരുന്നു. എം.എൽ.എ. ഫണ്ടിൽ നിന്നും അനുവദിച്ച 50,000/- രൂപ വിനിയോഗിച്ച് ഒരു ലിഫ്റ്റ് നന്നാക്കുകയും ആയത് പ്രവർത്തിച്ചുവരുന്നുമുണ്ട്.<br><br>തെരുവുനായ ശല്യം പരിഹരിക്കുന്നതിന് മുൻസിപ്പാലിറ്റി മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ടവറിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഇതിന്റെ നിയന്ത്രണാധികാരം അടിയന്തരമായി റവന്യൂ വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഹരിപ്പാട് റവന്യൂ ടവർ ഉൾപ്പെടുന്ന ഭൂമി റവന്യൂ വകുപ്പിനു കൈമാറുന്നതിനായി, സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് ലഭിക്കേണ്ട ബാക്കി തുക ലഭ്യമാക്കുന്നതിനായി ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ